"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- മലപ്പുറം ജില്ല - തെന്നല ഗ്രാമപഞ്ചായത്ത് അറക്കൽ സബ് സെന്റർ നിർമ്മാണത്തിന് 15-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 2022-23 ലെ ഹെൽത്ത് ഗ്രാന്റ് അതേ പഞ്ചായത്തിലെ വാളക്കുളം സബ്സെന്ററിന് മാറ്റി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.631/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-

1. 09.08.2023 ലെ സ.ഉ (സാധാ) നം. 1625/2023/LSGD
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25/06/2024 ലെ പി.എൽ.ബി3-11634/2024/ആ.വ.ഡ കത്ത്
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 27/11/2024 ലെ LSGD/PD/37240/2024-DPLA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ തെന്നല പ്രാഥമികാരോഗ്യകേന്ദ്രത്തിനു കീഴിൽ അറക്കൽ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് 15-ാം ധനകാര്യ കമ്മീഷൻ 2022-23 ലെ ഹെൽത്ത് ഗ്രാന്റ് ആയി പരാമർശം (1) പ്രകാരം 55.5 ലക്ഷം രൂപ അനുവദിച്ച ഉത്തരവായിരുന്നു. പ്രസ്തുത ഗ്രാന്റിന്റെ ആദ്യഘട്ടഗഡു ലഭ്യമായിരുന്നുവെന്നും എന്നാൽ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അറക്കൽ സബ്സെന്ററിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണെന്നും, അതിനാൽ അറക്കൽ സബ്സെന്ററിനായി അനുവദിച്ച ഗ്രാന്റ് വിഹിതം വാളക്കുളം സബ്സെന്ററിന് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറും പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറും ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സബ്സെന്റർ നിർമ്മാണത്തിന് തന്നെ ഹെൽത്ത് ഗ്രാന്റ് തുക വിനിയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ തെന്നല ഗ്രാമപഞ്ചായത്തിലെ വാളക്കുളം സബ്സെന്റർ നിർമ്മാണത്തിന് തന്നെ തുക വിനിയോഗിക്കുന്നതിനാൽ പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ലാത്തതിനാലും, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ സബ്സെൻ്ററർ നിർമാണത്തിന് ഉചിതമായ സ്ഥലം ലഭ്യമായിട്ടില്ല എന്ന് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അറിയിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച് അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുകയുടെ 50% ഉപയോഗിച്ചില്ലെങ്കിൽ അടുത്ത

വർഷം ഗ്രാന്റ് റിലീസ് ലഭിക്കുകയില്ല .മേൽവസ്തുതകൾ കണക്കിലെടുത്ത്, മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിലെ അറക്കൽ സബ്സെന്റർ നിർമ്മാണത്തിന് 15-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 2022-23 ലെ ഹെൽത്ത് ഗ്രാന്റ് ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി അതേ ഗ്രാമപഞ്ചായത്തിലെ തന്നെ വാളക്കുളം സബ്സെന്ററിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 07-03-2025 12:33:38
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, തെന്നല ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്
6. ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് ( U.O (F) NoM1/296/2024-HEALTH)
7. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
10. കരുതൽ ഫയൽ (ഡി.ബി1/406/2024/എൽ.എസ്.ജി.ഡി)